എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട കേസുകൾ

68(493) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-ലെ എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട എത്ര റിട്ട് പെറ്റീഷനുകൾ സംസ്ഥാന ഹൈക്കോടതിയിൽ ഫയൽ ചെയ്തു ;

(ബി) ഈ കേസുകളിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) അതിൽ എന്തെല്ലാം ആവശ്യങ്ങൾ കോടതി അംഗീകരിച്ചു ;

(ഡി) എത്ര കേസുകളിൽ ഗവൺമെന്റിന് എതിരായി വിധി ഉണ്ടായി ?

ഉത്തരം

(എ) ഇരുപത് റിട്ട് ഹർജികൾ.

(ബി) ചോദ്യപേപ്പറുകളിൽ തെറ്റായ ചോദ്യങ്ങൾ ഉണ്ടായിരുന്നെന്നും അതിനുമേൽ അനുവർത്തിക്കേണ്ടുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ചും ഹൈക്കോടതി പരിശോധിച്ചു. തീരുമാനിക്കണമെന്നും തെറ്റായ ചോദ്യങ്ങളെ അടിസ്ഥാനമാക്കി റാങ്ക് നിശ്ചയിക്കരുതെന്നും മറ്റുമുള്ള പൊതു ആവശ്യങ്ങളായിരുന്നു.

(സി) വിദഗ്ദ്ധ സമിതിയുടെ പരിശോധനയിൽ ചോദ്യപേപ്പറുകളിൽ തെറ്റുകൾ കണ്ടെത്തിയതിനെത്തുടർന്ന് റാങ്ക്‌ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് പ്രവേശന പരീക്ഷാകമ്മീഷണർ തന്നെ ഹൈക്കോടതിയിൽ ആവശ്യപ്പെടുകയും പ്രസ്തുത ആവശ്യം കോടതി അംഗീകരിക്കുകയും ചെയ്തു.

(ഡി) ഗവൺമെന്റിനെതിരായി വിധിയൊന്നും ഉണ്ടായിട്ടില്ല.

എൻട്രൻസ് ലിസ്റ്റിൽ നിന്നും കോഴ്സുകൾ തെരഞ്ഞെടുത്തത് സംബന്ധിച്ച് പരാതി

69(494) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-1999-ലെ എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് ലിസ്റ്റിൽ നിന്നും കുട്ടികളെ ഓരോ കോഴ്സിലേയ്ക്കും തെരഞ്ഞെടുത്തത് സംബന്ധിച്ച് പരാതികളുണ്ടായിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ പരാതികൾ എൻട്രൻസ് എക്സാമിനേഷൻ കൺട്രോളറുടെ തലത്തിൽ പരിശോധിക്കുകയോ പരിഹാരം കാണുകയോ ചെയ്തുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ പരാതികൾ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എന്തെല്ലാം പരാതികൾ ഹൈക്കോടതി അംഗീകരിച്ചു ;

(ഇ) ഇതിന്റെ ഫലമായി വീണ്ടും കൗൺസിലിംഗ് നടത്തേണ്ടതായി വന്നുവോ ;

(എഫ്) ആദ്യം പ്രവേശനം കിട്ടാതിരുന്ന എത്ര പേർക്ക് അന്ന് ഹൈക്കോടതി ഉത്തരവിന്റെ പേരിൽ പ്രവേശനം ലഭിച്ചു ;

(ജി) ഇപ്രകാരം പ്രവേശനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് നൽകുമോ ;

ഉത്തരം

(എ) പരാതികൾ ഉണ്ടായിട്ടുണ്ട്. മെരിറ്റ് വിഭാഗത്തിൽ പ്രവേശനത്തിനായി പരിഗണിക്കപ്പെടേണ്ട സംവരണ വിഭാഗക്കാരെ സംവരണ സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകിയതുമൂലമുണ്ടായ സീറ്റു നഷ്ടത്തെക്കുറിച്ചായിരുന്നു പരാതി. മുൻ വർഷങ്ങളിൽ സംവരണാർഹതയുള്ള ഓരോ വിഭാഗത്തിനും സംസ്ഥാനാടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ച് പ്രവേശനം നൽകിയിരുന്നതിൽ നിന്നും വ്യത്യസ്തമായി കോളേജ് തലത്തിൽ സംവരണതത്വം പാലിച്ച് പ്രവേശനം നൽകിയതുമൂലമുണ്ടായ സീറ്റു നഷ്ടമായിരുന്നു പരാതിക്കടിസ്ഥാനം.

(ബി) സീറ്റ് നഷ്ടത്തെക്കുറിച്ചുള്ള പരാതികൾ എൻട്രൻസ് പരീക്ഷാ കൺട്രോളറുടെ ശ്രദ്ധയിൽപ്പെടുകയും ആയത് ഗവൺമെന്റിൽ ബോധിപ്പിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ച് പ്രവേശനം നൽകുന്നതിലേയ്ക്കായി ജി.ഒ. (എം.എസ്) 122/98 ഉവിവ തീയതി 7-10-1998 പുറപ്പെടുവിക്കുകയും ചെയ്തു.

(സി) ഉണ്ടായി.

(ഡി) മെരിറ്റ് വിഭാഗത്തിൽ പ്രവേശനത്തിനായി പരിഗണിക്കപ്പെടേണ്ട സംവരണ വിഭാഗക്കാരെ സംവരണ സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകിയതുമൂലമുണ്ടായ സീറ്റ് നഷ്ടത്തെക്കുറിച്ചുള്ള പരാതിയാണ് ബഹു: ഹൈക്കോടതി പ്രധാനമായും അംഗീകരിച്ചത്.

(ഇ) റീ കൗൺസിലിംഗ് നടത്തേണ്ടി വന്നു.

(എഫ്) റീ കൗൺസിലിംഗ് എം.ബി.ബി.എസ്. ന് പുതിയതായി 29 പേർക്ക് പ്രവേശനം ലഭിച്ചു. ഇതിൽ 21 പേരും ആദ്യ കൗൺസിലിംഗിൽ എം. ബി. ബി. എസ്സ് ഒഴികെയുള്ള മറ്റ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവരായിരുന്നു.

(ജി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്സ് കോഴ്സിന് പുതിയതായി പ്രവേശനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈഴവ	7
മുസ്ലീം	8
മറ്റ് പിന്നോക്ക വിഭാഗങ്ങൾ	4
പട്ടികജാതി	1
പട്ടികവർഗ്ഗം	1

ബാക്കി 8 പേർ മെരിറ്റ് വിഭാഗത്തിൽപ്പെടുന്നു.

സാക്ഷരതാ പ്രവർത്തനം

70(495) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. തമ്പാനൂർ രവി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാക്ഷരതാ രംഗത്ത് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണ് കേരളത്തിനുള്ളത് ;

(ബി) കേരളത്തിന്റെ സ്ഥാനം പിന്നോക്കം പോകുവാനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) നവസാക്ഷരതർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) സാക്ഷരതാ പ്രവർത്തനത്തിനുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും എന്തു തുക വീതം ഗ്രാന്റ് ലഭിക്കുന്നുണ്ട് ;

(എഫ്) ഈ ഗ്രാന്റ് ലഭിച്ചത് എപ്പോഴാണ് ;

(ജി) ഈ തുക സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് കൈമാറിയത് എന്നാണ് ?

ഉത്തരം

(എ) സാക്ഷരതാ രംഗത്ത് ഇൻഡ്യയിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്.

(ബി) 1991-ലെ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനത്തിനുശേഷം സാക്ഷരതാനന്തര പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലുണ്ടായ പോരായ്മയാണ് ഇതിനുള്ള ഒരു കാരണം.

(സി) നവ സാക്ഷരർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനായി തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളും വികസന വിദ്യാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly